(ബി) ഇല്ല. ഹൈക്കോടതി സ്റ്റേമൂലം നികുതി അടയ്ക്കേണ്ട സമയത്ത് ഈടാക്കുവാൻ കഴിയാതെ വന്ന തുകയാണ് ഓഡിറ്റിൽ ചൂണ്ടി കാണിച്ചിരിക്കുന്നത്.

(സി) 124 വാഹനങ്ങളിലായി 51,77,100 രൂപ പിരിച്ചെടുക്കേണ്ടതുണ്ട്. അതിൽ 2,27,612 രൂപ മാത്രമേ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. പ്രസ്തുത വാഹനങ്ങളിൽ കൂടുതലും അന്യ സംസ്ഥാനത്തുള്ളവയാണ്. അതുകൊണ്ടാണ് ബാക്കി തുക പിരിച്ചെടുക്കാൻ കഴിയാത്തത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥർക്കും തുക പിരിച്ചെടുക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അയൽ സംസ്ഥാനത്തെ ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും തുക പിരിച്ചെടുത്ത് നൽകണമെന്ന് കാണിച്ച് കത്ത് നൽകിയിട്ടുണ്ട്.

(ഡി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു. †

(ഇ) 2,27,612 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി തുക പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) അനുബന്ധം II ആയി ചേർത്തിരിക്കുന്നു. †

ശബരിമല തീർത്ഥാടനത്തിന് പോകുന്നവരിൽ നിന്ന് അധിക ചാർജ്ജ് ഈടാക്കുന്ന നടപടി

66 [2935] ശ്രീ. വി. ഡി. സതീശൻ:
,, കെ. സുധാകരൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എം. മുരളി:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ;

(എ) ശബരിമല തീർത്ഥാടനത്തിന് പോകുന്നവരിൽനിന്ന് അധിക ചാർജ്ജ് ഈടാക്കുന്ന നടപടി കെ. എസ്. ആർ. ടി. സി. എന്നാണ് തുടങ്ങിയതെന്ന് പറയാമോ;

(ബി) അന്ന് ഗതാഗത വകുപ്പുമന്ത്രി ആരായിരുന്നു;

(സി) ഈ സംവിധാനം നിർത്തലാക്കിയത് എന്നാണ്;

(ഡി) അപ്പോൾ ഏത് മന്ത്രിസഭയാണ് നിലവിലിരുന്നത്;

(ഇ) ഈ അധിക ചാർജ്ജ് വേണ്ടെന്നു വച്ചതുകൊണ്ട് കോഴിക്കോട്, കോട്ടയം, പാലാ എന്നിവിടങ്ങളിൽ നിന്ന് ശബരിമലയ്ക്കു തീർത്ഥാടനാർത്ഥം പോകുന്നവർക്ക് പമ്പവരെ സഞ്ചരിക്കുമ്പോൾ എന്തു തുക ലാഭമുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബസ് ചാർജ്ജ് വർദ്ധനവിനോടനുബന്ധിച്ച് മോട്ടോർ വാഹന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പു പ്രകാരം സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമനുസരിച്ച് കഴിഞ്ഞ 25 വർഷത്തിലേറെ കാലമായി അധിക ചാർജ്ജ് നിലവിലുള്ളതായി കാണുന്നു. കൃത്യമായി എന്നു മുതലാണ് അധിക ചാർജ്ജ് ഈടാക്കാൻ തുടങ്ങിയതെന്ന് അറിവില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 2004-2005-ലെ മണ്ഡല-മകര വിളക്ക് കാലത്താണ് ഈ സംവിധാനം നിറുത്തൽ ആക്കിയത്.

(ഡി) ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായുള്ള ഇപ്പോഴത്തെ മന്ത്രിസഭ.

(ഇ) കോഴിക്കോട് നിന്ന് പമ്പയിലേക്ക് സൂപ്പർ ഫാസ്റ്റ് സർവീസിൽ യാത്ര ചെയ്യുന്നവർക്ക് 38 രൂപയും ഫാസ്റ്റ് പാസഞ്ചർ സർവീസിൽ യാത്ര ചെയ്യുന്നവർക്ക് 35 രൂപയും കോട്ടയത്തുനിന്നു സൂപ്പർ ഫാസ്റ്റിലും ഫാസ്റ്റ് പാസഞ്ചർ ബസ്സിലും യാത്ര ചെയ്യുന്ന ആൾക്ക് 12 രൂപ വീതവും പാറശ്ശാല നിന്ന് പമ്പയിലേക്ക് സൂപ്പർ ഫാസ്റ്റിൽ യാത്ര ചെയ്യുന്നവർക്ക് 22 രൂപയും ഫാസ്റ്റ് പാസഞ്ചറിൽ യാത്ര ചെയ്യുന്നവർക്ക് 20 രൂപയും ലാഭിക്കാം.

കെ. എസ്. ആർ. ടി. സി. യുടെ മിനി ബസ് സർവ്വീസുകൾ

67 [2936] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. 2005-ൽ എത്ര പുതിയ ബസ്സുകൾ പുറത്തിറക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) 2005-ൽ പുതിയതായി എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട് എന്നതിന്റെ ഡിപ്പോ തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) മിനി ബസ്സുകൾ 2005-ൽ എത്ര എണ്ണം പുതുതായി ഇറക്കി എന്നും ഏതെല്ലാം ഡിപ്പോകളിൽ എത്ര വീതം സർവ്വീസ് നടത്തുന്നു എന്നുമുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 27-7-2005-വരെ കെ. എസ്. ആർ. ടി. സി. 268 പുതിയ ബസ്സുകൾ പുറത്തിറക്കിയിട്ടുണ്ട്.

(ബി) 2005-ൽ പുതിയതായി 318 ഷെഡ്യൂളുകൾ ആരംഭിച്ചു. ഡിപ്പോ തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു. †

(സി) 2005-ൽ ഇതുവരെ 63 മിനി ബസ്സുകൾ പുതിയതായി ഇറക്കിയിട്ടുണ്ട്.

ഡിപ്പോ തിരിച്ചുള്ള മിനി ബസ്സുകളുടെ എണ്ണം താഴെ ചേർക്കുന്നു:

1.	വെള്ളനാട്	..	1
2.	വെള്ളറട	..	1
3.	പാപ്പനംകോട്	..	8
4.	വൈക്കം	..	1
5.	എറണാകുളം	..	1
6.	കൊല്ലം	..	2
7.	കോഴിക്കോട്	..	3
8.	കായംകുളം	..	2
9.	കരുനാഗപ്പള്ളി	..	2

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly